സർട്ടിഫിക്കറ്റ്, ആധാരപ്പകർപ്പ്, പ്രത്യേക വിവാഹത്തിനുള്ള അപേക്ഷ സമർപ്പിക്കൽ എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചുവരുന്നു. സഹകരണ സൊസൈറ്റികൾ, ബാങ്കുകൾ എന്നിവയുടെ പണയാധാരങ്ങളുടെ (ഗഹാൻ/ഗഹാൻ റിലീസ്) വിവരങ്ങൾ സമർപ്പിക്കുന്ന നടപടിയും ഓൺലൈൻ സംവിധാനത്തിൽ ടി ആഫീസുകളിൽ കൈകാര്യം ചെയ്യുവരുന്നു. തിരുവനന്തപുരം ജില്ലയിൽ ഡിജിറ്റൽ സിഗ്നേച്ചർ മുഖാന്തരം ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ആഫീസുകളും ഓൺലൈൻ സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം

218(1287) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ആയി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം എല്ലാ രജിസ്ട്രാർ ഓഫീസിലും നിലവിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇവ കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ; സംവിധാനത്തിന്റെ കാര്യക്ഷമത സംബന്ധിച്ച് ഏതെങ്കിലും, പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സംവിധാനത്തിലൂടെ ഇതിനകം എത്ര പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തു;

(ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളായി മാറ്റുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) നിലവിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാര വിവരങ്ങൾ ഓൺലൈൻ ആയി സമർപ്പിക്കുവാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതിക്കായുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ആധാരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാരംഭഘട്ടത്തിലുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. നിലവിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയതിനുശേഷം സംസ്ഥാനമൊട്ടുക്കായി 2,02,815 പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നുള്ള സേവനപ്രദാനം ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മൊബൈൽ ടവറുകൾ സ്ഥാപിക്കൽ

219(1288) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എ.ടി.എം. മെഷീനുകൾ, മൊബൈൽ ടവറുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലഉടമയുമായി ഉണ്ടാക്കുന്ന എല്ലാ ഉടമ്പടികൾക്കും കരാറുകൾക്കും, അവ പുതുക്കുന്നതിനും പ്രദേശത്തെ എം.എൽ.എ.-യുടെ അറിവും അനുമതിയും നിഷ്കർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ വിഷയം രജിസ്ട്രേഷൻ വകുപ്പിന്റെ പരിഗണനയിലില്ല.

അണ്ടർവാല്യുവേഷൻ കേസ്സുകൾ

220(1289) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടർ വാല്യുവേഷൻ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly